പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1999 — 15.07.2016-ൽ മറുപടിക്ക്

## ഇതര സംസ്ഥാനതൊഴിലാളികളുടെ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന്റെ തോത് സംബന്ധിച്ച് എന്തെങ്കിലും ധാരണയുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>(ബി) ഇതര സംസ്ഥാനതൊഴിലാളികളുടെ ആധിക്യവും ഇവരുടെ കൂലി വർദ്ധനയും കണക്കിലെടുത്താൻ വർഷത്തിൽ 25000 കോടി രൂപ വരെ അവർ നാട്ടിലേയ്ക്ക് അയയ്ക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) തൊഴിൽ വകുപ്പിന്റെ കൈവശം ഇതിനെ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. എന്നാൽ 2013-ലെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് നിന്ന് ഒരു വർഷം ഒരു ഇതര സംസ്ഥാന തൊഴിലാളി ഏതാണ്ട് 70,000/- രൂപ (എഴുപതിനായിരം) നാട്ടിലേയ്ക്ക് അയയ്ക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട വിവരം ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്നുള്ള വിശദാംശങ്ങൾ നൽകുമോ ? | (സി) ഇക്കാര്യത്തിൽ കൃത്യമായ വിവരം ഇതുവരെ ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ